(ഇ) 21-8-2004-ലെ സ.ഉ. (പി) നമ്പർ 384/2004/ധന. ഉത്തരവ് പ്രകാരം കടത്തിന്റെ തിരിച്ചടവിനായി സംസ്ഥാനം കൺസോളിഡേറ്റഡ് സിങ്കിംഗ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത ഫണ്ടിലേക്ക് നാളിതുവരെ 1248.81 കോടി രൂപ നിക്ഷേപിച്ചിട്ടുണ്ട്.

(എഫ്) കൺസോളിഡേറ്റഡ് സിങ്കിംഗ് ഫണ്ടിൽനിന്നുള്ള പലിശ ഉപയോഗിച്ച് NCDC, LIC എന്നിവയിൽ നിന്നുള്ള 340.05 കോടി രൂപയുടെ വായ്പ തിരിച്ചടച്ചിട്ടുണ്ട്.

സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി

178 (523) ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. ജെയിംസ് മാത്യു :
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുൻ സർക്കാരിന്റെ ധനകാര്യമാനേജ്മെന്റിന്റെ ഫലമായി സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ മെച്ചപ്പെട്ടതായി വിലയിരുത്തിയിട്ടുണ്ടോ ;

(ബി) ഈ സർക്കാരിന്റെ ധനകാര്യമാനേജ്മെന്റിന്റെ ഫലമായി സാമ്പത്തിക സ്ഥിതിയിലുണ്ടായ ഗുരുതരമായ തകർച്ചയെക്കുറിച്ച് വിലയിരുത്തിയിട്ടുണ്ടോ ; വിശദമാക്കാമോ ;

(സി) അഴിമതി, നികുതി പിരിക്കുന്നതിലുണ്ടായ വീഴ്ച തുടങ്ങിയവ സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി നാളിതുവരെയില്ലാത്തവിധം തകർത്തുവെന്ന ആക്ഷേപത്തിന്മേലുള്ള നിലപാട് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല. മുൻ സർക്കാരിന്റെ കാലത്തുണ്ടായ പൊതുകടത്തിന്റെ വർദ്ധനവ്, വികസന ചെലവുകളിലുണ്ടായ കുറവ്, വികസനേതര ചെലവുകളിലുണ്ടായ വർദ്ധനവ് എന്നിവ സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറയെ ദുർബലപ്പെടുത്തുകയാണുണ്ടായത്.

(ബി&സി) നിലവിൽ സംസ്ഥാനം ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയൊന്നും തന്നെ നേരിടുന്നില്ല. നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കാൻ കഴിയാത്തതിനാലും കേന്ദ്ര നികുതി വരുമാനത്തിലുണ്ടായ കുറവിനാലും നേരിയ തോതിൽ സാമ്പത്തിക ഞെരുക്കം നേരിടുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ നികുതിയിനങ്ങൾ കാലോചിതമായി പരിഷ്കരിക്കുകയും നികുതി പിരിവ് കാര്യക്ഷമമാക്കുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. കുടിശ്ശികയിന്മേൽ ഏർപ്പെടുത്തിയിട്ടുള്ള എല്ലാ ഉപാധിരഹിത സ്റ്റേകളും പിൻവലിച്ചു. ഒരു ലക്ഷത്തിൽ കൂടുതൽ തുകയ്ക്ക് മുകളിൽ സ്റ്റേ അനുവദിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മുഖേന മുഖ്യമന്ത്രിക്ക് ഫയൽ സർക്കുലേറ്റ് ചെയ്യേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മുൻകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള ചെലവുചുരുക്കൽ ഉത്തരവുകളും കർശനമായി പാലിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പദ്ധതികളുടെ ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സുഗമമായ പദ്ധതി നിർവ്വഹണത്തിനും 23-2-2015-ലെ സ.ഉ.(പി) നമ്പർ 48/2015/ധന പ്രകാരം നടപ്പിലാക്കിയ സമ്പ്രദായമാണ് ഇലക്ട്രോണിക് ലെഡ്ജർ അക്കൗണ്ടിംഗ് (ELA). ഈ പരിഷ്കരണത്തിലൂടെ സർക്കാർ നൽകുന്ന ഫണ്ടുകൾ വിനിയോഗിക്കപ്പെടാതെ ദീർഘകാലം ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുവാനും ഫണ്ട് വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുവാനും സാധിക്കും.

മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തുന്ന കരാറുകാർക്ക് കുടിശ്ശിക തുക മാറി നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം ഒഴിവാക്കുന്നതിന് ബാങ്കുകൾമുഖേന ബിൽ ഡിസ്കൗണ്ടിംഗ് സിസ്റ്റം ആവിഷ്കരിച്ചിട്ടുണ്ട്. ഇതുപ്രകാരം ബാങ്കുകൾ കരാറുകാരുടെ ചെക്ക് തുകയുടെ ഒരു നിശ്ചിത ശതമാനം ഡിസ്കൗണ്ട് ചെയ്തശേഷം ബാക്കി തുക കരാറുകാർക്ക് നൽകുന്നു. ഇപ്രകാരം ഡിസ്കൗണ്ട് ചെയ്യുന്ന തുക നേരത്തെ ലഭിക്കുന്നതുകൊണ്ട് കരാറുകാർക്ക് മറ്റുപ്രവൃത്തികൾ ഏറ്റെടുത്ത് നടത്താൻ കഴിയുന്നു എന്ന നേട്ടമുണ്ട്.

ധനകാര്യ മാനേജ്മെന്റ് കാര്യക്ഷമമാക്കുന്നതിനുവേണ്ടി സർക്കാർ സ്വീകരിച്ച ഈ നടപടികൾ ഫലപ്രാപ്തിയിലെത്തുന്നതേയുള്ളൂ.

കോൺട്രിബ്യൂട്ടറി പെൻഷൻ സ്കീം

179 (524) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ജീവനക്കാർക്കും അദ്ധ്യാപകർക്കുമായി നടപ്പിലാക്കിയ കോൺട്രിബ്യൂട്ടറി പെൻഷൻ പദ്ധതിയിൽ നിലവിൽ എത്ര ജീവനക്കാർ ഉണ്ട് ; വകുപ്പ് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly